02-07-2022

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : Suraj S

Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-02/07/2022.

1. ഇൻഷുറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തിയിട്ടുള്ള കാർഷിക വിളകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ നടപടി ഉണ്ടാകുമെന്ന് കൃഷി മന്ത്രി പി പ്രസാദ് പറഞ്ഞു. നിലവിൽ 27 കാർഷിക വിളകൾക്കാണ് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നത്. ജൂലൈ 1 ഇൻഷുറൻസ് ദിനാചരണത്തിന്റെയും ജൂലൈ ഒന്നു മുതൽ 7 വരെയുള്ള വിള ഇൻഷുറൻസ് വാരാചരണത്തിന്റെയും സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം കുടപ്പനക്കുന്ന് കൃഷിഭവനിൽ നിർവഹിച്ച ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി. കർഷകനായ ഗോപിനാഥൻ നായരുടെ അപേക്ഷ സ്വീകരിച്ച് അദ്ദേഹത്തിന്റെ വാഴ കൃഷി ഇൻഷ്വർ ചെയ്തുകൊണ്ടായിരുന്നു മന്ത്രി ഇൻഷുറൻസ് വാരാചരണത്തിന് തുടക്കം കുറിച്ചത്. വട്ടിയൂർക്കാവ് എംഎൽഎ അഡ്വക്കേറ്റ് പ്രശാന്തിന്റെ അധ്യക്ഷതയിലായിരുന്നു ചടങ്ങുകൾ നടന്നത്. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിക്കൊപ്പം തന്നെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി രണ്ട് ഇൻഷുറൻസ് പദ്ധതികൾ കൂടി സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്. ഈ മൂന്ന് പദ്ധതികളിലും മുഴുവൻ കർഷകരെയും ഉൾപ്പെടുത്തുന്നതിനുള്ള ശ്രമമാണ് സംസ്ഥാന സർക്കാർ നടത്തുന്നതെന്ന് മന്ത്രി പറഞ്ഞു. കർഷകരെ സഹായിക്കാനുള്ള ഉത്തരവാദിത്വം സമൂഹത്തിനും സർക്കാരിനും ഉണ്ടെന്നും മന്ത്രി അഭിപ്രായപ്പെട്ടു. കർഷകർക്കുള്ള ഇൻഷുറൻസ് നഷ്ടപരിഹാര തുകയായി 30 കോടി രൂപ കഴിഞ്ഞമാസം അനുവദിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

2. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയും കേന്ദ്ര-സംസ്ഥാന സർക്കാറുകൾ സംയോജിതമായി നടപ്പിലാക്കുന്ന PMFBY , RWBCIS എന്നീ രണ്ടു വിള ഇൻഷുറൻസ് പദ്ധതികളുമാണ് കർഷകർക്കായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയാണ് ഇതിൽ ആദ്യത്തേത്. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പ്രകാരം 27 ഇനം കാർഷികവിളകൾക്കാണ് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുള്ളത്. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ, വന്യജീവികളുടെ ആക്രമണം എന്നിവ നിമിത്തം ഉണ്ടാകുന്ന കൃഷി നാശനഷ്ടങ്ങളാണ് ഈ പദ്ധതിയിലൂടെ സംരക്ഷണം ലഭിക്കുന്നത്. വളരെ തുച്ഛമായ പ്രീമിയം അടച്ച്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കഴിഞ്ഞാൽ വിളകളുടെ ഉൽപാദന ചെലവിന് ആനുപാതികമായ ഒരു തുക തന്നെ നാശനഷ്ടമുണ്ടാക്കുന്ന പക്ഷം നഷ്ടപരിഹാരമായി ലഭിക്കുമെന്നതാണ് സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയുടെ പ്രധാന ആകർഷണം. എല്ലാ വിളകൾക്കും തന്നെ നഷ്ടപരിഹാരത്തുകയിൽ വൻ വർധനവാണ് ആണ് പുനരാവിഷ്കരിക്കപ്പെട്ട പദ്ധതിപ്രകാരം മാറ്റം വരുത്തിയിട്ടുള്ളത്.

3. ക്ഷീരവികസന വകുപ്പ് 2022-23 സാമ്പത്തിക വർഷത്തിൽ 20 സെന്റിനു മുകളിൽ **പുൽകൃഷി** നടപ്പിലാക്കുന്നതിനു സബ്സിഡി നൽകുന്നു. താൽപര്യമുള്ള കർഷകർക്ക് **ജൂലൈ 10** വരെ ksheerasree.kerala.gov.in എന്ന പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുകളിൽ ബന്ധപ്പെടാവുന്നതാണെന്ന് ക്ഷീരവികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.

4. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ കേരള ചിക്കൻ) ഉത്പാദിപ്പിക്കുന്ന ചിക്കനും അനുബന്ധ ഉത്പന്നങ്ങളും വിൽപ്പന നടത്തുന്നതിന് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലയിലെ വിൽപ്പന സാധ്യതയുള്ള സ്ഥലങ്ങളിൽ കെപ്കോ കേരള ചിക്കൻ ഔട്ട്ലെറ്റുകൾ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. താൽപ്പര്യമുള്ളവർ സ്വന്തം വിശദാംശങ്ങളും ഏജൻസി തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലവും വ്യക്തമാക്കിക്കൊണ്ട് വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ ജൂലായ് 8-ന് മുമ്പ് **മാനേജിംഗ് ഡയറക്ടർ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000918, 9495000921** എന്നീ ഫോൺ നമ്പരുകളിലോ, kspdc@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

5. കേരള കാർഷിക സർവ്വകലാശാല ഇ -പഠന കേന്ദ്രം "ഹൈടെക് കൃഷി" എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടി ജൂലൈ 11 ന് ആരംഭിക്കുന്നു. കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം കോഴ്സ് പ്രയോജനപ്പെടുത്താവുന്നതാണ്. 25 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഫൈനൽ പരീക്ഷ പാസ്സാവുന്ന

പഠിതാക്കൾക്ക് ആവശ്യമെങ്കിൽ നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റ് നൽകുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്ക് വഴി കോഴ്സിൽ രജിസ്റ്റർ ചെയ്യാം. അപേക്ഷിക്കേണ്ട അവസാന തീയതി ജൂലൈ 10 ആണ്.

6. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ വികസന പരിശീലന കേന്ദ്രത്തിൽ വച്ച് **ജൂലൈ 4 മുതൽ** 15 വരെയുള്ള തീയതികളിൽ ക്ഷീരോത്പന്ന നിർമ്മാണത്തിൽ പത്ത് ദിവസത്തെ ക്ലാസ്സ് റൂം പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താത്പര്യമുള്ളവർ ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരമോ അതാത് ബ്ലോക്ക് ക്ഷീര വികസന ഓഫീസർമാർ മുഖാന്തിരമോ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 135 രൂപയാണ്. താൽപര്യമുള്ളവർ ഇന്ന് (ജൂലായ് 2) വൈകുന്നേരം 5 മണിക്ക് മുമ്പായി **8075028868, 9947775978, 0476-2698550** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിനെത്തുന്നവർ ആധാർ കാർഡ്, കോവിഡ് വാക്സിനേറ്റഡ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

7. **സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ**

ഇന്ത്യ കാലാവസ്ഥ വകുപ്പിന്റെ പ്രവചനമനുസരിച്ച്, കൊല്ലം ജില്ലയിൽ ഇന്ന് (ജൂലൈ 02) വരെ നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴയ്ക്ക് സാധ്യതയുണ്ട്.

8.1 ഞാറ് പറിച്ചുനട്ട് 30, 50 ദിവസങ്ങളിൽ നെല്ലിൽ അടിക്കുന്ന സമ്പൂർണ കെഎയൂ മൾട്ടിമിക്സ് 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിച്ച് കൊടുക്കുക.

8.2 മഴക്കാലമായതിനാൽ കൃഷിയിടങ്ങളിൽ ഒച്ചിന്റെ ശല്യം രൂക്ഷമായി കണ്ടുവരുന്നു. ഇവയെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പരിസരശുചിത്വവും മാലിന്യനിർമ്മാർജ്ജനവും അനിവാര്യമാണ്. വൈകുന്നേരങ്ങളിൽ നനഞ്ഞ ചണച്ചാക്ക് വിരിച്ച് ഒച്ചിനെ ആകർഷിക്കുന്ന പപ്പായ ഇലയോ പഴമോ / കാബേജില / ചോറ് /പുളിച്ച പഞ്ചസാര ലായനി തുടങ്ങിയവ നിരത്തുക. ഇങ്ങനെ ആകർഷിച്ച് കൂട്ടം കൂടുന്ന ഒച്ചുകളെ തോട് പൊട്ടിച്ചോ **പുകയിലകഷായം – തുരിശ്മിശ്രിതം** തളിച്ചോ നശിപ്പിക്കാവുന്നതാണ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

**പുകയിലകഷായം – തുരിശ്മിശ്രിതം** തയ്യാറാക്കുന്ന വിധം ഇനി പറയുന്നു. 25 ഗ്രാം പുകയില ഒന്നര ലിറ്റർ വെള്ളത്തിൽ തിളപ്പിച്ച് ഒരു ലിറ്റർ ആക്കി തണുപ്പിച്ച ശേഷം ലായനി അരിച്ചു മാറ്റുക. 60 ഗ്രാം തുരിശ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയ ശേഷം രണ്ടുലായനികളും കൂട്ടിചേർത്ത് (2 ലിറ്റർ ) കൂട്ടം കൂടുന്ന ഒച്ചുകളുടെ മേൽതളിക്കുക. ഒരു ലിറ്റർ വെള്ളത്തിൽ 200 ഗ്രാം ഉപ്പ് കലക്കിയ ലായനി തളിച്ചും ഒച്ചുകളെ നശിപ്പിക്കാവുന്നതാണ്. ഇവയുടെ ആക്രമണം രൂക്ഷമാകുന്ന സാഹചര്യത്തിൽ **മെറ്റാൽഡിഹൈഡ് പെല്ലറ്റ് കെണി (സ്നെയിൽ കിൽ)** 2.5% വീര്യത്തിൽ 2 കിലോ ഒരു ഏക്കറിന് എന്ന തോതിൽ ഉപയോഗിക്കാവുന്നതാണ്. പല സ്ഥലങ്ങളിലായി 2 – 3 പെല്ലറ്റ് എന്ന തോതിൽ വെച്ച് കൊടുക്കണം. വിഷക്കെണി ഉപയോഗിക്കുമ്പോൾ കുട്ടികളും വളർത്തുമൃഗങ്ങളും വളർത്തു പക്ഷികളും ഇതുമായി നേരിട്ട് സമ്പർക്കത്തിൽ വരാതെ പ്രത്യേകം ശ്രദ്ധിക്കണം. ഒച്ചുകളെ ശേഖരിക്കുമ്പോൾ ഗ്ലൗസോ, പ്ലാസ്റ്റിക്ക് കവറുകളോ കയ്യിൽ ഉപയോഗിക്കേണ്ടതാണ്.

8.3 മഴക്കാലത്ത് ഇഞ്ചി, മഞ്ഞൾ തുടങ്ങിയ വിളകളിൽ മൂട്ചീയൽ രോഗം വരാതെ തടയുന്നതിനായി ചാലുകൾ കീറി നീർവാർച്ചാ സൗകര്യം ഉറപ്പാക്കുക. ഒരു ലിറ്റർ വെള്ളത്തിലേക്ക് 20 ഗ്രാം പച്ചച്ചാണകം എന്ന തോതിൽ കലക്കി തെളിയെടുത്ത് അതിലേക്ക് 20ഗ്രാം സ്യൂഡോമോണാസ് ചേർത്ത് തടത്തിൽ ഒഴിച്ച് കൊടുക്കുന്നത് വഴി രോഗം പ്രതിരോധിക്കാവുന്നതാണ്.

8.4 കൊല്ലം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ബനാന സ്ട്രീക് വൈറസ് രോഗം കൂടുതലായി കണ്ടു വരുന്ന സാഹചര്യത്തിൽ വാഴ കർഷകർ ജാഗ്രത പാലിക്കുക. തുടക്കത്തിൽ മഞ്ഞ നിറത്തിലുള്ള ചെറിയ പാടുകൾ ഇലകളിൽ പ്രത്യക്ഷപ്പെടുകയും തുടർന്ന് ഈ പാടുകൾ നീളത്തിലുള്ള മഞ്ഞ വരകളായി രൂപാന്തരപ്പെടുകയും ചെയ്യുന്നതാണ് രോഗ ലക്ഷണം. ഈ ലക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ രോഗം മറ്റു വാഴകളിലേക്ക് പടരാതിരിക്കുന്നതിനായി രോഗം ബാധിച്ച വാഴകൾ പിഴുതു മാറ്റി നശിപ്പിച്ചു കളയേണ്ടതാണ്. രോഗ ബാധയുള്ള പ്രദേശങ്ങളിൽനിന്നും കന്നുകൾ തിരഞ്ഞെടുക്കാതിരിക്കുക. വൈറസ് രോഗ വാഹകരായ മീലി മുട്ടകളെ നിയന്ത്രിക്കുകയും ചെയ്യുക.